# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4377 | 04.02.2014-ൽ മറുപടിക്ക് |
|---|---|

### ലാബ് അസിസ്റ്റന്റ് ശ്രീ.റ്റി.രാജേഷിന്റെ നിയമനാംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.അജിത് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം എസ്.എം.എസ്.എൻ.വി. എച്ച്.എസ് സ്കൂളിൽ ഐ.ടി.ഐ. യോഗ്യതയുള്ള റ്റി. രാജേഷിന് മാനേജ്മെന്റ് നിയമനം നൽകിയ ദിവസംമുതൽ അംഗീകാരം കൊടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രീ. രാജേഷ്.റ്റി-യ്ക്ക് നിയമനം നൽകുന്ന സമയത്ത് അതായത് 01.09.2005 കാലഘട്ടത്തിൽ നടന്നിരുന്ന നിയമനങ്ങൾ എല്ലാം തന്നെ 01.03.2004 തീയതിയിലെ ജി.ഒ(ആർ.റ്റി) നമ്പർ 911/04/പൊ.വി.വ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു. ടി ഉത്തരവിൽ വി.എച്ച്.എസ്.ഇ എയ്ഡഡ് മേഖലയിലെ എല്ലാ നിയമനങ്ങളും പി.എസ്.സി അംഗീകരിച്ച കരട് സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കരട് സ്പെഷ്യൽ റൂൾസിൽ ലാബ് അസിസ്റ്റന്റിന്റെ നിഷ്കർഷിച്ചിരുന്ന യോഗ്യത അതാത് ട്രേഡ്കളിലെ വി.എച്ച്.എസ്.ഇ കോഴ്സ് പാസായിരിക്കണം എന്നതാണ്. ഐ.ടി.ഐ/ഐ.ടി.സി ഒരു യോഗ്യതയായി കണക്കാക്കിയിരുന്നില്ല. അതിനാലാണ് ശ്രീ. രാജേഷ്.റ്റി-യുടെ നിയമനം അംഗീകരിക്കാതിരുന്നത്. എന്നാൽ തുടർന്ന് അതാത് ട്രേഡുകളിലെ ഐ.ടി.ഐ/ |

| | | | |
|---|---|---|---|
| | | | ഐ.ടി.സി എന്നിവ അതാത് വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് സർക്കാർ തുല്യമായി അംഗീകരിക്കുകയും 2007-ൽ വി.എച്ച്.എസ്.ഇ സ്പെഷ്യൽ റൂൾസ് എയ്ഡഡ് മേഖലയ്ക്ക് ബാധകമാക്കുകയും ചെയ്ത സാഹചര്യത്തിലാണ് ശ്രീ.രാജേഷ്.റ്റി-യ്ക്ക് 23.06.2007 മുതൽ നിയമനാംഗീകാരം നൽകിയത്. മേൽ പ്രസ്താവിച്ച കാരണം കൊണ്ട് തന്നെ ടിയാൾക്ക് 01.09.2005 കാലഘട്ടത്തിൽ നിയമനാംഗീകാരം നൽകാൻ കഴിയില്ല. |
| (ബി) | 1.9.2005-ൽ നിയമനം ലഭിച്ച രാജേഷിന് 30.03.1991-ലെ സ.ഉ(എം.എസ്)53/91/പൊ.വി.വ നമ്പർ ഉത്തരവ് ബാധകമല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | 30.03.1991-ലെ സർക്കാർ ഉത്തരവ് (എം.എസ്)53/91/പൊ.വി.വ നമ്പർ ടിയാൾക്ക് ബാധകമാണെങ്കിലും 01.03.2004 തീയതിയിലെ ജി.ഒ(ആർ.റ്റി) നമ്പർ 911/04/പൊ.വി.വ ഉത്തരവിൽ പി.എസ്.സി അംഗീകരിച്ച കരട് സ്പെഷ്യൽ റൂൾസ് പ്രകാരം മാത്രമേ എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ നടത്താൻ പാടുള്ളു എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ശ്രീ.രാജേഷ്.റ്റി-യുടെ നിയമനം കരട് സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. |
| (സി) | 1.9.2005-ൽ നിയമനം ലഭിച്ച രാജേഷിന് ആ സമയത്ത് നിലവിലിരുന്ന ഉത്തരവ് പ്രകാരം 1.09.2005 മുതലുള്ള കാലയളവിലെ ആനുകൂല്യത്തിന് അർഹതയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. ശ്രീ.രാജേഷ്.റ്റി-യുടെ നിയമനത്തിന് മുൻകാലപ്രാബല്യം നൽകുന്ന വിഷയം പലതവണ പരിശോധിക്കുകയും നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനത്തിന് മുൻകാല പ്രാബല്യം നൽകാൻ കഴിയില്ല എന്ന് തീരുമാനിച്ച് അറിയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതേ കാലയളവിവിൽത്തന്നെ പവിത്രേശ്വരം കെ.എൻ.എം.എച്ച്.എച്ച്.എസ്-ൽ നിയമിച്ച ജെ.എസ് ഹരികുമാറിന് അനുവദിച്ച ആനുകൂല്യം രാജേഷിന് അനുവദിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | (ഡി) | പവിത്രേശ്വരം സ്കൂളിൽ ശ്രീ.ഹരികുമാറിനെ നിയമിക്കുന്ന കാലഘട്ടത്തിൽ 30.03.1991-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 53/91/പൊ.വി.വ ആണ് പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്ന യോഗ്യതകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ ആണ് ടിയാളെ നിയമിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.രാജേഷ്.റ്റി-ക്ക് നിയമനം നൽകുന്ന കാലയളവിൽ 01.03.2004-ലെ ജി.ഒ(ആർ.റ്റി) നമ്പർ 911/04/പൊ.വി.വ ഉത്തരവ് നിലവിൽ വരുകയും അതിലെ നിർദ്ദേശ പ്രകാരം പി.എസ്.സി അംഗീകരിച്ച കരട് സ്പെഷ്യൽ റൂൾസിലെ യോഗ്യതകൾക്കും, സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായാണ് ശ്രീ.രാജേഷ്.റ്റി-യെ നിയമിച്ചിട്ടുള്ളത്. |
| (ഇ) | മേൽ ഉത്തരവുകളുടെയും നിയമനങ്ങളുടെയും അടിസ്ഥാനത്തിൽ വൈക്കം എസ്.എം.എസ്.എൻ.വി.എച്ച്.എസ്.എസ് - ലെ ലാബ് അസിസ്റ്റന്റ് രാജേഷിന് മാനേജ്മെന്റ് നിയമന അംഗീകാരം നൽകിയ 1.9.2005 മുതൽ മുൻകാലപ്രാബല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | ശ്രീ.രാജേഷ്.റ്റി-യുടെ നിയമനത്തിന് മുൻകാല പ്രാബല്യം നൽകുന്നതിന് നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ